LIBRARY ARCHIVES Kerala Legislative Assembly

(11) ഓഫ് ക്യാമ്പസ് സെൻററുകളുടെ ദൂരപരിധി

ശ്രീ. വി. ഡി. സതീശൻ : സർ, എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന 9 കോളേജുകളിലെ ഓഫ് ക്യാമ്പസ് സെന്ററുകളിലെ വിദ്യാർത്ഥി പ്രവേശനം തടഞ്ഞുകൊണ്ട് ഇന്നലെ വൈകുന്നേരം അഞ്ച് മണിക്കുശേഷം എം.ജി. സർവ്വകലാശാലയിൽ നിന്ന് ഒരു ഉത്തരവ് ഇറങ്ങിയിരിക്കുകയാണ്. ഈ കോളേജുകൾ പരിശോധിച്ചാൽ വളരെ രസകരമാണ്. ഒന്നാമത്തേത് സി.എം.എസ്. കോളേജ് കോട്ടയം, രണ്ട് യു.സി.കോളേജ് ആലുവ, എസ്.ബി.കോളേജ് ചങ്ങനാശ്ശേരി, സെൻറ് അലോഷ്യസ് എടത്വ, അസംപ്ഷൻ കോളേജ് ചങ്ങനാശ്ശേരി, സെൻറ് ആൽബർട്ട്സ് എറണാകുളം, സെൻറ് സേവിയേഴ്സ് കോളേജ് ആലുവ, സെൻറ് പോൾസ് കോളേജ് കളമശ്ശേരി, കെ.ഇ.കോളേജ് മാന്നാനം. ഓഫ് ക്യാമ്പസുകളിലേയ്ക്കുള്ള പ്രവേശനം 90 ശതമാനവും പൂർത്തിയായിരിക്കുകയാണ്. കുറച്ച് സീറ്റുകൾ മാത്രമേ ഫിൽ ചെയ്യാനുള്ളൂ. ഈ സമയത്താണ് സർവ്വകലാശാല ഉത്തരവ് ഇറക്കിയിരിക്കുന്നത്. കഴിഞ്ഞ ആഴ്ച സർവ്വകലാശാല തന്നെ പ്രസിദ്ധീകരിച്ച നോട്ടിഫിക്കേഷനിൽ ഈ കോളേജുകളിൽ എല്ലാം ഓഫ് ക്യാമ്പസ് സെന്ററുകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് എല്ലാം ഉണ്ടായിരുന്നു. അഡ്മിഷൻ നടപടിക്രമങ്ങൾ 90 ശതമാനവും പൂർത്തിയാക്കി മറ്റ് കോളേജുകളിലെല്ലാം റഗുലർ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ ക്ലോസ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ പറയുന്ന 9 ക്യാമ്പസുകളിലെ വിവിധ കോഴ്സുകളിലായി പഠിക്കുന്ന നൂറ് കണക്കിന് വിദ്യാർത്ഥികൾ വഴിയാധാരമാവാൻ പോവുകയാണ്. ഈ സെന്ററുകളെല്ലാം 1998 മുതലും 2000 മുതലും പ്രവർത്തിക്കുന്ന ഓഫ് ക്യാമ്പസ് സെന്ററുകളാണ്. കഴിഞ്ഞ വർഷം ഒരു തീരുമാനം എടുത്തു. ഇത് ക്യാമ്പസിൽ നിന്ന് 5 കിലോമീറ്ററിന് അപ്പുറം മാത്രമേ പണിയാൻ പാടുള്ളൂ. പല ക്യാമ്പസുകളിലും പ്രത്യേകമായ ബിൽഡിംഗ് പണിത് തീർത്തിട്ടാണ് ഓഫ് ക്യാമ്പസ് സെന്ററുകൾ പ്രവർത്തിക്കുന്നത്. ഒരു കൊല്ലം കൊണ്ട് 5 കിലോമീറ്റർ മാറി ഇതുപോലെ കെട്ടിടം പണി പൂർത്തിയാക്കി ഇവർക്ക് ഈ കോഴ്സ് മാറ്റാൻ പറ്റില്ല. ഇന്നലെ രാവിലെ സി.എം.എസ്. കോളേജ് പ്രിൻസിപ്പലിനെയും അവിടത്തെ മാനേജുമെൻറുകളെയും വെല്ലുവിളിച്ചുകൊണ്ട് ശ്രീ. പിണറായി വിജയൻറെ പ്രസ്താവന വന്ന് മണിക്കൂറുകൾക്കകം രാജാവിനെ വെല്ലുന്ന രാജഭക്തിയോടുകൂടി എം.ജി.യൂണിവേഴ്സിറ്റിയിലെ ഉന്നതന്മാരായ ചിലർ ഇറക്കിയിരിക്കുന്ന ഉത്തരവാണിത്. വികലമായ ഒരു ഉത്തരവാണ്, അത് പിൻവലിക്കാൻ സർവ്വകലാശാലയോട് ആവശ്യപ്പെടണം. നൂറ് കണക്കിന് കുട്ടികൾ വഴിയാധാരമാകുന്ന, സി.എം.എസ്. കോളേജിനോടും ചങ്ങനാശ്ശേരി, പാലാ, കൊച്ചി കോളേജുകളോടുമുള്ള വിരോധം തീർക്കാൻവേണ്ടിയുള്ള മനഃപൂർവ്വമായ അനവസരത്തിലുള്ള ഈ ഉത്തരവ് പിൻവലിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെൻറികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ശ്രീ. വി. ഡി. സതീശൻ ആദ്യം പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുന്നു. അവസാനം പറഞ്ഞ

കാര്യങ്ങളോടെ തർക്കമുള്ളു. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നിയന്ത്രണത്തിൽ കേരളത്തിനകത്ത് 70 -ൽ അധികം ഓഫ് ക്യാമ്പസ് സെന്ററുകളുണ്ട്. ഇവയിൽ ചിലത് സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജ് അങ്കണത്തിനുള്ളിൽ പ്രവർത്തിച്ചു വരികയായിരുന്നു. അഫിലിയേറ്റഡ് കോളേജിൽ നിന്ന് കുറഞ്ഞത് 5 കിലോമീറ്ററെങ്കിലും അകലെ ആയിരിക്കണം ഓഫ് ക്യാമ്പസ് സെന്ററുകൾ എന്ന് സർവ്വകലാശാല വ്യവസ്ഥ ചെയ്തിരുന്നതെന്ന് ശ്രീ. വി. ഡി. സതീശൻ പറഞ്ഞു. ഒരു വർഷത്തിനകം അപ്രകാരം മാറ്റി സ്ഥാപിക്കാത്ത സെന്ററുകൾ നിർത്തൽ ചെയ്യുമെന്ന് കഴിഞ്ഞ വർഷം തന്നെ സിന്റിക്കേറ്റ് തീരുമാനിച്ച് അവർക്ക് അറിയിപ്പ് കൊടുത്തിരുന്നു. ഈ വർഷം സർവ്വകലാശാല ഇൻസ്പെക്ഷൻ ടീം നടത്തിയ പരിശോധനയിൽ കോളേജിനുള്ളിൽത്തന്നെ പ്രവർത്തിക്കുന്നതായി കണ്ടെത്തിയ 9 സെന്ററുകൾ അംഗീകരിക്കാം. അനുവാദം നൽകേണ്ടെന്ന് സർവ്വകലാശാല തീരുമാനിച്ചിരിക്കുന്നു. സർവ്വകലാശാല നിബന്ധനകൾ പാലിച്ച കോളേജിൽ നിന്ന് 5 കിലോമീറ്റർ ദൂരത്തേയ്ക്ക് സെന്ററുകൾ മാറ്റി സ്ഥാപിച്ചാൽ ഈ വർഷം തന്നെ അവർക്ക് ക്ലാസുകൾ പുനരാരംഭിക്കാൻ കഴിയുമെന്ന് പറഞ്ഞതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എന്താണ് പ്രായോഗികമായി ചെയ്യാൻ കഴിയുന്നതെന്ന് പരിശോധിച്ച് സർക്കാർ വേണ്ടത് ചെയ്യാം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇത് വളരെയധികം കുട്ടികളെയും രക്ഷകർത്താക്കളെയും ബാധിക്കുന്ന ഇഷ്യൂവാണ്. മിനിഞ്ഞാന്ന് ഇൻസ്പെക്ഷൻ നടത്തി ഇന്നലെ വൈകിട്ട് ആറ് മണിക്ക് ഓർഡർ ഇറക്കി. ഇത് വളരെ അഗ്ലിഹേസ്റ്റാണ് ശ്രീ. വി. ഡി. സതീശൻ അതിന്റെ സാഹചര്യങ്ങളെല്ലാം പറഞ്ഞു. അതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. ഏറ്റവും കുറഞ്ഞത് ഈ വർഷമെങ്കിലും ക്ലാസ് തുടങ്ങിയ കുട്ടികളെ അഡ്മിറ്റ് ചെയ്ത സ്ഥാപനങ്ങളിൽ അത് തുടരുന്നതിന് അനുവദിക്കണം അല്ലെങ്കിൽ നിങ്ങളുടെ ലക്ഷ്യം വേറെ ആരെങ്കിലും ആയിരിക്കും. പക്ഷേ രാജു എബ്രഹാമൊക്കെ ആഗ്രഹിക്കുന്നത് വേറെ ലക്ഷ്യമാണ്. പക്ഷേ ബാധിക്കുന്നത് കുട്ടികളെയാണ്. നിങ്ങൾ ഒന്നു ധരിച്ചുകൊള്ളണം. സി.എം.എസ്. കോളേജിനെയാണ് നിങ്ങൾ ലക്ഷ്യമിട്ടതെങ്കിൽ അവർ ഇപ്രാവശ്യം ഒരു ആപ്ലിക്കേഷൻസും സ്വീകരിച്ചുമില്ല, ഒരാളെ എടുത്തുമില്ല അവർക്കിട്ട് ഇത് ഏൽക്കത്തില്ല. പക്ഷേ നിങ്ങൾ സി.എം.എസ്. കോളേജ് ലക്ഷ്യമാക്കിയാണ് തുടങ്ങിയത്. പക്ഷേ ഇപ്പോൾ ഓർഡർ വന്നു കഴിഞ്ഞപ്പോഴാണ് അറിഞ്ഞത് സി.എം.എസ്. കോളേജിനെ അത് ബാധിക്കില്ലെന്ന്. പക്ഷേ ഇത് ബാധിക്കാൻ പോകുന്നത് നിരവധി വിദ്യാർത്ഥികളെയാണ്. അതുകൊണ്ട് ഒരു വർഷത്തേക്ക് ക്ലാസ് തുടങ്ങിയവർക്ക് ക്ലാസ് തുടർന്ന് നടത്താൻ അനുവാദം കൊടുക്കുമോ?

ശ്രീ. എം. വിജയകുമാർ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രൂപത്തിൽ അതിൽ ഇടപെട്ട് വേണ്ട നടപടികൾ സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly